"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.സനിത.എ., ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) ഫയൽ ചെയ്ത OA-1410/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 31.07.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.2790/2023/H&FWD തീയതി,തിരുവനന്തപുരം, 25-10-2023

---

പരാമർശം:-
1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.06.2023-ലെ ഇ.എ1-5160/2023/ആവഡ നമ്പർ നടപടിക്രമം
2. ഡോ.സനിത.എ., ജൂനിയർ കൺസൾട്ടന്റ് സമർപ്പിച്ച അപ്പീൽ
3. OA-1410/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 31.07.2023-ലെ ഉത്തരവ്.
4. സ.ഉ (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.

ഉത്തരവ്

ആരോഗ്യ വകുപ്പിലെ ജൂനിയർ കൺസൾട്ടന്റ്മാരുടെ പരാമർശം (1) നടപടിക്രമ പ്രകാരം പുറപ്പെടുവിച്ച 2023 പൊതുസ്ഥലംമാറ്റത്തിൽ ഓപ്ഷൻ നൽകാത്ത സ്ഥാപനത്തിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.സനിത.എ. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ പരാമർശം (2) അപ്പീൽ സമർപ്പിക്കുകയും, ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA - 1410/2023 ഫയൽ ചെയ്യുകയും ഉണ്ടായി. അപേക്ഷക സർക്കാർ മുമ്പാകെ സമർപ്പിച്ച അപ്പീൽ പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിനെ പ്രതിനിധീകരിക്കുന്ന ആരോഗ്യ

0381741

GOVERNMENT OF KERALA

കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് പരാമർശം (3) പ്രകാരം ബഹു. ട്രൈബ്യൂണൽ നിർദ്ദേശം നൽകി .

2) സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2023 പൊതുസ്ഥലം മാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിന്മേലുള്ള ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി പരാമർശം (4) പ്രകാരം രൂപീകൃതമായ കമ്മിറ്റി അപേക്ഷക സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ പരിശോധിക്കുകയുണ്ടായി.

3) 2023 പൊതുസ്ഥലംമാറ്റത്തിൽ, പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിന്നും വിതുര താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റി എന്നും നിലവിൽ പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഒഴിവുണ്ടെന്നും, ക്യാൻസർ രോഗത്തിന് ചികിത്സ ചെയ്തു വരുന്നതിനാൽ പാറശ്ശാല നിയമനം നൽകണമെന്നും ഡോ.സനിത.എ. പരാമർശം (2) അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നു.

4) കമ്മിറ്റി ടി വിഷയം പരിശോധിക്കുകയുണ്ടായി. 2023 ലെ പൊതു സ്ഥലംമാറ്റത്തിൽ ഡോ.സനിതയെ പാറശാല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിന്നും വിതുര താലുക്ക് ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ചു. ടിയാൾക്ക് എൻഡോ മെട്രിയൽ കാൻസർ ബാധിച്ചു ആർ.സി.സി.യിൽ ലാപ്രോട്ടമി ഓപ്പറേഷൻ നടത്തുകയും തുടർ ചികിത്സയിൽ ആണെന്നും അപേക്ഷയിൽ പറഞ്ഞിരുന്നു. എന്നാൽ ടിയാൾ സമർപ്പിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിൽ "Now she is disease free and no regular follow up" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ പാറശാല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ സേവനത്തിലിരിക്കെ സ്വകാര്യ ചികിത്സാ മാനദണ്ഡം ലംഘിച്ചു പ്രാക്ടീസ് നടത്തിയതിനു ഡോ.സനിത-ക്കെതിരെ അച്ചടക്ക നടപടി നിലവിലുണ്ട്. പാറശാല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഉണ്ടായ പ്രസ്തുത ഒഴിവിലേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിനായി കൊല്ലം ജില്ലാ ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ.രാജേഷ്.സി.പി ബഹു.കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത OP(KAT) No. 314/2023 ന്റെ 25.07.2023 ലെ വിധിന്യായത്തിൽ ടി ഒഴിവിലേയ്ക്കുള്ള മറ്റ് അപേക്ഷകരുടെ claim കൂടി

പരിശോധിച്ച് 2 ആഴ്ചയ്ക്കുള്ളിൽ തീരുമാനമെടുക്കാൻ ആരോഗ്യവകുപ്പ് ഡയർക്ടർക്ക് നിർദേശം നൽകിയിരുന്നു. ഡോ.രാജേഷ്.സി.പിയുടെ പിതാവ് 50% Locomotor disability, coronary artery disease, type 2 diabetes mellitus എന്നിവ ഉള്ള വ്യക്തിയാണ്. ആരോഗ്യ വകുപ്പ് ഡയറക്ടർ അപേക്ഷകൾ പരിശോധിക്കുകയും ഡോ.സനിത.എ.യെക്കാൾ ഡോ.രാജേഷ്.സി.പിയ്ക്ക് സ്ഥലംമാറ്റത്തിനു അർഹത ഉണ്ടെന്നു കണ്ടതിനാൽ ടിയാളെ ആരോഗ്യ വകുപ്പ് ഡയറക്ടർ പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമിച്ചു. ആയതിനാൽ ഡോ.സനിത.എ.-യുടെ അപ്പീൽ അപേക്ഷ നിരസിക്കുവാൻ കമ്മിറ്റി തീരുമാനിക്കുകയുണ്ടായി.

5) മേൽ സാഹചര്യത്തിൽ, കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു കൊണ്ട് ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.സനിത.എ. പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

6) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA-1410/2023-മ്മേലുള്ള 31.07.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SREEJITH V P**

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം.
Dr.Sanitha A., Junior Consultant (General Medicine) "Bathel", Opposite to Town Masjid, Alummoodu, Neyyattinkara,Thiruvananthapuram-695121
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
Date: 25-10-2023 17:22:01
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. ഇ. എ-5160/2023/ആ.വ.ഡ
തീയതി 26.10.2023.

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽനടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Thy. SS
ആ.വ.ഡയ്ക്ക് വേണ്ടി